പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5804 — 27.10.2011-ൽ മറുപടിയ്ക്ക്

## ആരോഗ്യത്തിന് ഭീഷണിയില്ലാത്ത ഗുണനിലവാരമുള്ള പച്ചക്കറികൾ

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. പി. തിലോത്തമൻ : | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ചേർത്തല മേഖലയിൽ പച്ചക്കറികൾ വളരെയേറെ ഉത്പാദിപ്പിക്കപ്പെടുന്നുവെങ്കിലും ഉത്പാദനം സീസണൽ ആയതിനാൽ ന്യായമായ വില ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ ചേർത്തല മേഖലയിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കുന്നതിനും ന്യായവില ലഭിക്കുവാൻ പറ്റുന്ന വിപണികൾ ഒരുക്കുവാനും കൃഷി വകുപ്പ് മുൻകൈ എടുക്കുമോ; | (എ) ചേർത്തല മേഖലയിൽ പ്രധാനമായും വേനൽക്കാല പച്ചക്കറികളാണ് ഉല്പാദിപ്പിക്കുന്നത്. ഇത് വി.എഫ്.പി.സി.കെ അവരുടെ സ്വാശ്രയ വിപണികൾ മുഖേന സംഭരണവും വിപണവും നടത്തുന്നതിനാൽ കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നുണ്ട്. |
| (ബി) ഗുണനിലവാരമുള്ള പച്ചക്കറികൾ വ്യാപകമായി ഉത്പാദിപ്പിക്കുവാനും പൊതുജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കുമോ? | (ബി) സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ ഗുണനിലവാരമുള്ള പച്ചക്കറികൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും വേണ്ടിയാണ് പച്ചക്കറി വികസന പദ്ധതികൾ നടപ്പിലാക്കുന്നത്. ഇപ്പോൾ നടപ്പിലാക്കി വരുന്ന രണ്ടു വികസന പദ്ധതികൾ മുഖേന കൃഷി ചെയ്യുന്നതിനുള്ള |

ആനുകൂല്യത്തിനുപുറമേ, വിപണന യൂണിറ്റുകൾ ആരംഭിക്കുന്നതിനും ധനസഹായം നല്കിവരുന്നു. ഭക്ഷ്യ സുരക്ഷാ പദ്ധതി പച്ചക്കറി വികസന പദ്ധതി പ്രകാരം 500 വിപണന യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നല്കിവരുന്നു. കൂടാതെ ഉൽസവകാല വിപണന മേളകളും സംഘടിപ്പിക്കാറുണ്ട്. ഇപ്രകാരം സംഘടിപ്പിക്കുന്ന വിപണമേളകൾ / യൂണിറ്റുകളിലൂടെ പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ലഭ്യമാകും.

കൂടാതെ വി. എഫ്. പി. സി. കെ വിപണികൾ, സംഘമൈത്രി, കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നും കർഷകരുടെ ഉൽപ്പന്നങ്ങൾ ഹോർട്ടി കോർപ്പ് സംഭരിച്ച് ന്യായവില ഉറപ്പാക്കി വരുന്നു.

R.R. [signature]

സെക്ഷൻ ഓഫീസർ